**പാലാഴി-പുത്തൂർമഠം റോഡ് വികസനം**

67(4077) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം മണ്ഡലത്തിലെ പാലാഴി-പുത്തൂർമഠം റോഡ് വികസനത്തിന് സ്ഥലമെടുപ്പിനായി 2-3-2013-ലെ ജി.ഒ.(ആർ.ടി.)നമ്പർ 313/13/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. ലാൻഡ് അക്വിസിഷനുവേണ്ടി 2019-ൽ ഭാഗികമായി പെഗ് മാർക്കിംഗ് നടത്തുകയുണ്ടായി. എന്നാൽ നാട്ടുകാരുടെ എതിർപ്പുകാരണം അത് പൂർണ്ണമാക്കാൻ സാധിച്ചിട്ടില്ല. പയ്യടിമീത്തൽ മുതൽ പുത്തൂർമഠം വരെയുള്ള അവസാന ഭാഗത്താണ് പെഗ് മാർക്കിംഗ് ചെയ്യാനായി സാധിച്ചിട്ടുള്ളത്. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം സർവ്വേ വകുപ്പ് എഫ്.എം.ബി. ഇന്റർപെലേഷൻ നടത്തിയിട്ടുണ്ട്. ആകെ 283.65 ആർ സ്ഥലം ആണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ ശേഖരിച്ചുവരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

68(4078) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിലവിൽ ഏതെല്ലാം പൊതുമരാമത്ത് റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിലവിൽ ഫണ്ട് അനുവദിച്ചിരിക്കുന്ന പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly